സുഹൃത്തെ

കേരള സർക്കാരിന്റെ ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശമുണ്ട്. നമ്മുടെ കോളേജിലും ഇത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളുമായി നാം മുന്നോട്ടു പോകുകയാണ്

ഭൂമിയിലെ പരിമിതമായ വിഭവങ്ങളുടെ കാര്യക്ഷമവും ശാസ്ത്രീയവുമായ ഉപഭോഗാം ഉറപ്പക്കുന്നതിനോടൊപ്പം മനുഷ്യന് ഇന്ന് വലിയൊരു ബാധ്യതയായി മാറിക്കൊണ്ടിരിക്കുന്ന മാലിന്യങ്ങളുടെ അളവ് കുറക്കുന്നതിന് വേണ്ടിയും പാലിക്കപ്പെടേണ്ടുന്ന പ്രവർത്തന രീതിയാണ് ഗ്രീൻ പ്രോട്ടോകോൾ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്

മാലിന്യ പരിപാലനത്തിലെ ഏറ്റവും അടിസ്ഥാന തത്വം കൂടിയാണ് മാലിന്യത്തിന്റെ അളവ് കുറക്കുക എന്നുള്ളത് വഴിയരികിലും ഓടയിലും കുമിഞ്ഞു കൂടുന്ന മാലിന്യങ്ങളിൽ വലിയൊരളവ് നാം ഒരല്പം മനസ്സ് വയ്ച്ചാൽ ഒഴിവാക്കാൻ സാധിക്കുന്നതാണ് ഇതിനുള്ള ക്രിയാത്മകമായ പോംവഴി കൂടിയാണ് ഗ്രീൻ പ്രോട്ടോകോൾ .കത്തിച്ചു കളയുന്നതും കുമിഞ്ഞു കൂടുന്നതുമായ മാലിന്യങ്ങളുടെ പുനരുപയോഗ- പുനഃചംക്രമണ സാധ്യമായ പാഴ് വസ്തുക്കളെ ഉറവിടത്തിൽ തന്നെ വേർതിരിച്ചു കൈകാര്യം ചെയ്യുന്നതും ഗ്രീൻ പ്രോട്ടോക്കോളിന്റെ ഭാഗമാണ്

<u>നിർദ്ദേശങ്ങൾ</u>

1. ആവശ്യത്തിന് മാത്രം ആഹാര സാധനങ്ങൾ കൊണ്ടുവരികയും ഒരു വസ്തുവും പാഴാക്കാതിരിക്കുകയും ചെയ്യുക.
2. ആഹാരം ,കുടിവെള്ളം എന്നിവ കൊണ്ടുവരുന്നതിന് സ്റ്റെൻലെസ്സ് സ്റ്റീൽ പാത്രങ്ങൾ ശീലിക്കുക .പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഡിസ്പോസിബിൾ സാധനങ്ങൾ കർശനമായി ഒഴിവാക്കുക.
3. പ്ലാസ്റ്റിക് പേപ്പർ ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ വൃത്തിയായി തരം തിരിച്ചു ശേഖരിച്ചു പാഴ്വസ്തു വ്യാപാരികളെ ഏല്പിക്കാവുന്നതാണ്.
4. ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി മഷി പേനക ൾ ശീലമാക്കുക.
5. കോളേജ് ക്യാമ്പസ്സിൽ നടക്കുന്ന പൊതു പരിപാടികൾ,സ്റ്റാഫ് മീറ്റിങ്ങുകൾ തുടങ്ങി ഭക്ഷണം വിതരണം ചെയ്യുന്ന സത്കാരങ്ങളിലുമടക്കം പേപ്പർ കപ്പുകൾ,പേപ്പർ പ്ലേറ്റുകൾ, വെള്ളകുപ്പികൾ,പ്ലാസ്റ്റിക് കവറുകൾ എന്നിവയും,ഫ്ളെക്സുകളും കർശനമായി ഒഴിവാക്കുക.ഭക്ഷണവും വെള്ളവും വീണ്ടും കഴുകി ഉപയോഗിക്കാവുന്ന പത്രങ്ങളിൽ വിളമ്പുക.
6. അപകടകരമായ മാലിന്യത്തിന്റെ ഇനത്തിൽ വരുന്ന ഇലക്ട്രിക്കൽ - ഇലക്ക്ട്രോണിക്സ് വേസ്റ്റുകൾ വൃത്തിയായി സൂക്ഷിച്ചു വർഷാന്ത്യം അവ പുനഃചംക്രമണത്തിനായി ബന്ധപ്പെട്ട വ്യാപാരികളെ കണ്ടെത്തി ഏൽ പ്പിക്കുക.

7. കോളേജ് ക്യാമ്പസ്സിൽ നടക്കുന്ന  പരിപാടികളിലെ വേദികളിൽ പ്ലാസ്റ്റിക് കുപ്പികൾ ഒഴിവാക്കുക.അതിഥികൾക്ക് ഒരു പൂവോ പുസ്തകമോ മാത്രം ന ൽകി സ്വീകരിക്കുക പ്ലാസ്റ്റിക് കവർ ചെയ്ത പൂക്കളും, ഫ്ളക്സും പൂർ ണമായും ഒഴിവാക്കുക

<u>ഉറവിടത്തിൽ തന്നെ മാലിന്യം തരം  തിരിച്ചു  സംസ്കരിക്കുന്നതിനായി മൂന്ന് നിറത്തിലുള്ള ഗാർബേജ് ബിന്നുകൾ ക്യാമ്പസിലെ  എല്ലാ കെട്ടിടങ്ങളിലും സ്ഥാപിക്കുന്നുണ്ട്.പച്ച,നീല,മഞ്ഞ എന്നീ നിറങ്ങളിലുള്ള ഈ ബിന്നുകൾ ജൈവ മാലിന്യം, പ്ലാസ്റ്റിക്,മറ്റിനങ്ങൾ എന്ന് യഥാക്രമം രേഖപ്പെടുത്തിയിട്ടുണ്ട്.</u>

<u>പച്ച നിറത്തിലുള്ള ബിന്നുകളിൽ ജൈവമാലിന്യം മാത്രമേ നിക്ഷേപിക്കുവാൻ പാടുള്ളു.</u>

<u>പ്ലാസ്റ്റിക് പേനകൾ,കുപ്പികൾ, മിഠായി റാപ്പറുകൾ തുടങ്ങിയവയൊക്കെ നീല നിറത്തിലുള്ള ബിന്നുകളിൽ നിക്ഷേപിക്കുക.</u>

<u>സുരക്ഷിതമായി കത്തിച്ചു കളയുവാൻ സാധിക്കുന്ന ഇനത്തിലുള്ള മാലിന്യങ്ങൾ ആണ് മഞ്ഞ നിറത്തിലുള്ള ബിന്നുകളിൽ ഇടേണ്ടുന്നത്.</u>

എല്ലാ സ്റ്റാഫ് അംഗങ്ങളും  മേല്പറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നമ്മുടെ ക്യാമ്പസ്സിൽ  ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുവാനും യോജിച്ചു പ്രവർത്തിച്ചു കൊണ്ട് ഇത് വിജയകരമായി  നടപ്പിലാക്കുവാൻ സഹായിക്കണമെന്നും അഭ്യർ ത്ഥിക്കുന്നു .

എന്ന്

വിശ്വസ്തതയോടെ

വേണു വി എസ്

(ഓഫീസർ  ഗ്രീൻ പ്രോട്ടോക്കോൾ )